**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.813 — 09.08.2017 ന് മറുപടിയ്ക്ക്.

**കാട്ടാനശല്യം പരിഹരിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര, മുണ്ടകുന്ന്, കാപ്പുപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതും, ജനങ്ങളുടെ വസ്തു വകകൾക്ക് നാശമുണ്ടാക്കുന്നതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര, മുണ്ടകുന്ന്, കാപ്പുപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതും, ജനങ്ങളുടെ വസ്തുവകകൾക്ക് നാശമുണ്ടാക്കുന്നതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പ്രദേശങ്ങളിലെ കാട്ടാനശല്യം പരിഹരിക്കുവാൻ വനം വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) ഈ പ്രദേശങ്ങളിലെ കാട്ടാനശല്യം പരിഹരിക്കുന്നതിനായി കരുവരട്ട-ഓലപ്പാറ മേഖലയിൽ ഉപ്പുകുളം ഇ.ഡി.സി മുഖേന 1.5 കി.മീ. ദൂരം സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി മേഖലയിൽ നിലവിലുള്ള സൗരോർജ്ജവേലികൾ ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ വനം വകുപ്പ് പരിപാലിച്ചു വരുന്നുണ്ട്. മണ്ണാർക്കാട് കേന്ദ്രീകരിച്ചുള്ള ആർ.ആർ.ടി-യും, ബന്ധപ്പെട്ട വനംവകുപ്പ് സ്റ്റാഫുകളും കാട്ടാന ഇറങ്ങുന്ന പ്രദേശങ്ങളിൽ സ്ഥലത്തെത്തി അവയെ തിരികെ കാട്ടിലേക്ക് കടത്തിവിടുന്നതിന് കഠിന പ്രയത്നങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ ജനജാഗ്രതാ സമിതി ഉപ്പുകുളം കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ടി പ്രദേശങ്ങളിലെ ജനങ്ങൾക്ക് കാട്ടാനയുടെ സാന്നിദ്ധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ് അലർട്ട് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) കാട്ടാനശല്യം മൂലം കൃഷി നാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) കാട്ടാനശല്യം മൂലം കൃഷിനാശവും വസ്തുനാശവും സംഭവിക്കുന്ന അപേക്ഷകർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 1.76 ലക്ഷം രൂപ നഷ്ടപരിഹാരമായി ഇതിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ